വാല്യം : 1 2026 ജൂലൈ
ലക്കം : 2

ഭദ്രദീപം

bhadradeepamonline@gmail.com
തിരുവനന്തപുരം ഭദ്രാസന മുഖപത്രം

എഡിറ്റോറിയൽ

ലഹരിയും പുതുതലമുറയും: ആശങ്കയിൽ സമൂഹം

ഒരു രാജ്യത്തിന്റെ ഭാവി അതിന്റെ യുവതലമുറയുടെ കൈകളിലാണ്. ശാരീരികമായും മാനസികമായും സാമൂഹികമായും ആരോഗ്യവാന്മാരായ യുവാക്കളാണ് ഒരു സമൂഹത്തിന്റെ യഥാർത്ഥ സമ്പത്ത്. എന്നാൽ ഇന്ന് നമ്മുടെ സമൂഹം നേരിടുന്ന ഏറ്റവും ഗുരുതരമായ വെല്ലുവിളികളിലൊന്നാണ് പുതുതലമുറയിൽ വർധിച്ചുവരുന്ന ലഹരി ഉപയോഗം. ഇത് വ്യക്തികളുടെ ആരോഗ്യത്തെയും കുടുംബങ്ങളുടെ സമാധാനത്തെയും മാത്രമല്ല, സമൂഹത്തിന്റെ തന്നെ ഭാവിയെയും അപകടത്തിലാക്കുന്ന ഒരു സാമൂഹിക വിപത്തായി മാറിക്കൊണ്ടിരിക്കുകയാണ്.

കൗമാരക്കാരും യുവാക്കളും ലഹരിയിലേക്ക് ആകർഷിക്കപ്പെടുന്നതിനുള്ള കാരണങ്ങൾ പലതാണ്. കൂട്ടുകാരുടെ സ്വാധീനം, കുടുംബാന്തരീക്ഷത്തിലെ പ്രശ്നങ്ങൾ, മാനസിക സമ്മർദങ്ങൾ, സാമൂഹിക മാധ്യമങ്ങളുടെ അനാരോഗ്യകരമായ സ്വാധീനം, ലഹരി വസ്തുക്കളുടെ എളുപ്പത്തിലുള്ള ലഭ്യത എന്നിവ പ്രധാന ഘടകങ്ങളാണ്. ചിലർ കൗതുകത്തിനായി ആരംഭിക്കുന്ന ലഹരി ഉപയോഗം പിന്നീട് ജീവിതത്തെ തന്നെ തകർക്കുന്ന അടിമത്തത്തിലേക്ക് നയിക്കുന്നതാണ് യാഥാർത്ഥ്യം.

ലഹരി ഉപയോഗത്തിന്റെ പ്രത്യാഘാതങ്ങൾ വളരെ ഗുരുതരമാണ്. പഠനത്തിൽ പിന്നാക്കാവസ്ഥ, കുടുംബബന്ധങ്ങളിലെ തകർച്ച, കുറ്റകൃത്യങ്ങളിലേക്കുള്ള വഴിതെറ്റൽ, മാനസികാരോഗ്യ പ്രശ്നങ്ങൾ, ആത്മഹത്യാ പ്രവണതകൾ
തുടങ്ങി നിരവധി ദുരന്തങ്ങളിലേക്ക് ഇത് നയിക്കുന്നു. വ്യക്തിപരമായ നഷ്ടങ്ങൾക്കപ്പുറം, സമൂഹത്തിന്റെ ഉൽപാദനക്ഷമതയും സാംസ്കാരിക മൂല്യങ്ങളും ഇതിലൂടെ ക്ഷയിക്കപ്പെടുന്നു.

ഈ സാഹചര്യത്തിൽ സർക്കാർ സംവിധാനങ്ങൾ മാത്രമല്ല, കുടുംബങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും മത-സാമൂഹിക സംഘടനകളും ഒരുമിച്ച് പ്രവർത്തിക്കേണ്ടത് അനിവാര്യമാണ്. കുട്ടികളുമായി തുറന്ന ആശയവിനിമയം നടത്താനും അവരുടെ മാനസികാവസ്ഥ മനസ്സിലാക്കാനും മാതാപിതാക്കൾ തയ്യാറാകണം. വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ബോധവത്കരണ പരിപാടികൾ ശക്തിപ്പെടുത്തുകയും യുവാക്കൾക്ക് ആരോഗ്യകരമായ വിനോദ-കായിക പ്രവർത്തനങ്ങളിൽ പങ്കെടുക്കാനുള്ള അവസരങ്ങൾ വർധിപ്പിക്കുകയും വേണം.

ലഹരിക്കെതിരായ പോരാട്ടം നിയമത്തിന്റെ മാത്രം ഉത്തരവാദിത്വമല്ല; അത് സമൂഹത്തിന്റെ കൂട്ടായ പ്രതിബദ്ധതയാണ്. പുതുതലമുറയെ സംരക്ഷിക്കുന്നത് നമ്മുടെ ഭാവിയെ സംരക്ഷിക്കുന്നതിനു തുല്യമാണ്. അതിനാൽ ലഹരിയുടെ ആകർഷണങ്ങളിൽ നിന്ന് യുവാക്കളെ അകറ്റി നിർത്താനും അവരിൽ ആത്മവിശ്വാസവും മൂല്യബോധവും വളർത്താനും സമൂഹം ഒന്നടങ്കം മുന്നിട്ടിറങ്ങേണ്ട സമയമാണിത്. കാരണം, ആരോഗ്യവാന്മാരും മൂല്യബോധമുള്ളവരുമായ യുവാക്കളാണ് ഒരു രാജ്യത്തിന്റെ യഥാർത്ഥ പ്രത്യാശയും ശക്തിയും.

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 5-ാം ഓർമ്മ - ജൂലൈ 12ന്

അഭിവന്ദ്യ ഗീവർഗീസ് മാർ ദീയസ്കോറോസ് തിരുമേനിയുടെ 27-ാം ഓർമ്മ ജൂലൈ 23ന്

ഉള്ളടക്കം

EN ARCHE-26 2
എന്റെ കർത്താവും.... 2
ഫാ. ഡോ. തോമസ് ജോർജ്
സ്വപ്നങ്ങൾ വളരേണ്ട... 3
ജോബി ബേബി
ട്രാവൽ ബ്ലോഗ് 4
ഷീജ മേരി ജേക്കബ്
പ. പൗലോസ് ശ്ലീഹായുടെ കൈചങ്ങല 4
ഫാ. ഗീവർഗീസ് പള്ളിവാതിൽക്കൽ
നമ്മളിൽ ഒരാൾ 5
ഡോ. മാത്യു ഡാൻ
കിഡ്സ് കോർണർ 6
മെഡിക്കൽ ക്യാമ്പ് 7
സെൽഫി കോർണർ 8
പരിസ്ഥിതിദിനാഘോഷം 9
രുചിക്കൂട്ട് 10

പന്ത്രണ്ട് ശ്ലീഹന്മാരുടെ ഓർമ്മ ജൂൺ 30ന്

BHADRADEEPAM EDITORIAL BOARD

Patron :
H.H. Baselios Marthoma Mathews III Catholicos

President :
H. G. Dr. Geevarghese Mar Yulios

Editor :
Fr. Dr. Geevarghese Kanianthra

Editor in Chief :
Fr. Shino K Thomas

Sub Editor :
Joby T Lal

Design & Layout :
Shaji Padippurackal

email: bhadradeepamonline@gmail.com

എംജിഒസിഎസ്എം തിരു: ഭദ്രാസനത്തിന്റെ പ്രഥമ സമ്മേളനം EN ARCHE 2026 നടന്നു

തിരുവനന്തപുരം: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ വിദ്യാർത്ഥി പ്രസ്ഥാനമായ മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ക്രിസ്ത്യൻ സ്റ്റുഡന്റ്സ് മൂവ്മെന്റ് (എംജിഒസിഎസ്എം) തിരുവനന്തപുരം ഭദ്രാസനത്തിന്റെ സ്വതന്ത്ര പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ടുള്ള ഉദ്ഘാടന സമ്മേളനം 'EN ARCHE' ജൂൺ 20ന് ഉള്ളൂർ ഹോളി ട്രിനിറ്റി അരമന ചാപ്പലിൽ നടന്നു. എംജിഒസിഎസ്എം കേന്ദ്ര പ്രസിഡന്റ് അഭിവന്ദ്യ ഡോ. അബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്ത സമ്മേളനം ഉദ്ഘാടനം ചെയ്തു. തുടർന്ന് നടന്ന 'ഹൃദയസംവാദം' പരിപാടിയിൽ അദ്ദേഹം വിദ്യാർത്ഥികളുമായി മനസ്സു തുറന്നു. ക്രിസ്തുവിനെ കൂടുതലായി ജീവതത്തിൽ അനുഭവിച്ചറിയുവാൻ തക്കവണ്ണം വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. എംജിഒസിഎസ്എം കേന്ദ്ര ജനറൽ സെക്രട്ടറി ഫാ. ഡോ. വിവേക് വർഗ്ഗീസ് 'SUCH A TIME AS THIS...'എന്ന വിഷയത്തിൽ മുഖ്യസന്ദേശം നൽകി. ദൈവ കൃപ ജീവതത്തിൽ അനുഭവിക്കുവാൻ എപ്രകാരം ജീവിതം ക്രമീകരിക്കണമെന്ന് വിദ്യാർത്ഥികളെ ഓർമിപ്പിച്ചു.

പ്രസ്ഥാന ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. ജേക്കബ് തോമസ് സമ്മേളനത്തിന് സ്വാഗതം ആശംസിച്ചു. ഭദ്രാസന സെക്രട്ടറി ഫാ. ഡോ. ഗീവർഗീസ് കണിയാന്ത്ര, തിരുവനന്തപുരം ഓർത്തഡോക്സ് സ്റ്റുഡന്റ്സ് സെന്റർ ഡയറക്ടർ ഫാ. ഗീവർഗീസ് മേക്കാട്ട്, പ്രസ്ഥാന കേന്ദ്ര സ്റ്റുഡന്റ് വൈസ് പ്രസിഡന്റ് നോയൽ കെ. ജോസഫ്, പ്രസ്ഥാന കേന്ദ്ര സ്റ്റുഡന്റ് സെക്രട്ടറി റെമിൽ റെജി കീപ്പള്ളിൽ, തിരുവനന്തപുരം മണ്ഡലം ഓസിവൈഎം ജോയിന്റ് സെക്രട്ടറി ജോജി ജേക്കബ് എന്നിവർ പ്രസംഗിച്ചു. പ്രസ്ഥാന ഭദ്രാസന സെക്രട്ടറി ഡോ. മെർലിൻ ജോർജ് കൃതജ്ഞത രേഖപ്പെടുത്തി.

എംജിഒസിഎസ്എം തിരുവനന്തപുരം ഭദ്രാസനത്തിന്റെ ഓൺലൈൻ പ്രതിമാസ ബുള്ളറ്റിൻ ആയ 'തീയോറിയ'യുടെ പ്രഥമ പതിപ്പ് അഭി. തിരുമേനി ഭദ്രാസന സെക്രട്ടറി ഡോ. ഫാ. ഗീവർഗീസ് കണിയാന്ത്രയ്ക്ക് നൽകി പ്രകാശനം ചെയ്തു.

റേഡിയോ മാംഗോ RJ മോബിൻ വർഗ്ഗീസ് തോമസിന്റെ നേതൃത്വത്തിൽ

തിരുവനന്തപുരം ഉള്ളൂർ ഹോളി ട്രിനിറ്റി അരമന ചാപ്പലിൽ എംജിഒസിഎസ്എം തിരുവനന്തപുരം ഭദ്രാസനത്തിന്റെ സ്വതന്ത്ര പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് തുമ്പമൺ ഭദ്രാസനാധിപനും എംജിഒസിഎസ്എം കേന്ദ്ര പ്രസിഡന്റുമായ അഭി: ഡോ. അബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്ത സമ്മേളനം തിരുവനന്തപുരം ഉള്ളൂർ ഹോളി ട്രിനിറ്റി അരമന ചാപ്പലിൽ ഉദ്ഘാടനം ചെയ്യുന്നു.

നടന്ന സർഗ്ഗാത്മക സെഷനും, ഇന്നത്തെ കാലത്തിൽ വിദ്യാർത്ഥികൾ നേരിടുന്ന കാലിക പ്രസക്തിയുള്ള വിഷയങ്ങൾ ആസ്പദമാക്കി ഗ്രൂപ്പ് ചർച്ച നടത്തപ്പെട്ടു, ഇത് വിദ്യാർത്ഥികൾക്ക് അവരുടെ ആശയവിനുമായ കഴിവുകൾ പ്രദർശിപ്പിക്കുവാൻ കഴിഞ്ഞു.

ഇവാനോ എംജിഒസിഎസ്എം അവതരിപ്പിച്ച സംഗീത പരിപാടിയും സമ്മേളനത്തിന് മാറ്റുകൂട്ടി. ഭദ്രാസനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി നൂറിലധികം വിദ്യാർത്ഥികൾ പ്രഥമ സമ്മേളനത്തിൽ പങ്കെടുത്തു.

എന്റെ കർത്താവും എന്റെ ദൈവവുമേ: സംശയത്തിൽ നിന്നും വിശ്വാസത്തിലേക്കുള്ള യാത്ര

ഫാ. ഡോ. തോമസ് ജോർജ്ജ്,
വൈദിക സെമിനാരി, കോട്ടയം

ഭാരതത്തിന്റെ അപ്പോസ്തോലനും, കർത്താവിന്റെ പന്ത്രണ്ട് ശ്ലീഹന്മാരിൽ ഒരാളും സുവിശേഷത്തിൽ നമ്മെ ജനിശപ്പിച്ചവനുമായ നമ്മുടെ പിതാവായ പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ ദുക്റാനോ പെരുന്നാളാണ് നാം ജൂലൈ 3-ാം തീയതി ആഘോഷിക്കുന്നത്. പരിശുദ്ധ വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഏറ്റവും ശക്തവും സുദൃഢവുമായ വിശ്വാസ പ്രഖ്യാപനങ്ങളിൽ ഒന്നാണ് 'എന്റെ കർത്താവും എന്റെ ദൈവവുമേ' (My Lord and My God) എന്ന വി. മാർത്തോമ്മായുടെ പ്രഖ്യാപനം. ആത്മീയ വളർച്ചയുടെ പാതയിൽ മാർത്തോമ്മാ ശ്ലീഹാ വിതറിയ വിത്തുകൾ സഭയ്ക്ക് ഇന്നും എന്നും ശക്തിയായി നിലനിൽക്കുന്നു എന്നത് ദൈവസന്നിധിയിൽ കൃതജ്ഞതയോടെ നമുക്ക് സ്മരിക്കാം.

സംശയം : അവിശ്വാസമോ, അതോ അന്വേഷണമോ?

മഹാനായ സോക്രട്ടീസ് പറയുന്നു: സംശയം ചോദ്യത്തിലേക്ക് ചോദ്യം അന്വേഷണത്തിലേക്കും അന്വേഷണം കണ്ടെത്തലിലേക്കും നമ്മെ നയിക്കുന്നു എന്ന്. യഥാർത്ഥത്തിൽ ഈ ഒരു തത്വമാണ് മാർത്തോമ്മാ സ്വീകരിച്ചത് എന്ന് നമുക്ക് അനുമാനിക്കാൻ കഴിയും.

പാശ്ചാത്യ ലോകവും പാശ്ചാത്യ സഭയും മാർത്തോമ്മായെ 'സംശയിക്കുന്ന തോമസ്' (Doubting Thomas) എന്ന് മുദ്രകുത്തുന്നു. എന്നാൽ പൗരസ്ത്യ സഭകൾ ഈ കാഴ്ചപ്പാടിൽ തോമ്മാശ്ലീഹായെ വീക്ഷിക്കുന്നില്ല. യഥാർത്ഥത്തിൽ തോമസ് അവിശ്വാസിയായിരുന്നില്ല, മറിച്ച് സത്യം നേരിട്ട് അറിയുവാൻ ആഗ്രഹിച്ച ഒരു അന്വേഷകനായിരുന്നു. മറ്റുള്ളവരുടെ സാക്ഷ്യം കേട്ടു മാത്രം വിശ്വസിക്കാൻ അദ്ദേഹം തയ്യാറായിരുന്നില്ല. സ്വന്തം കണ്ണുകൊണ്ട് കാണാനും, മുറിവുകളിൽ സ്പർശിക്കാനും അദ്ദേഹം ആഗ്രഹിച്ചു. ഇത് ഒരു പോരായ്മയായി വിലയിരുത്തുന്നത് ശരിയല്ല. കാരണം ഈ വിശ്വാസ കുറവ് മാർത്തോമ്മാ ശ്ലീഹായ്ക്ക് മാത്രം സംഭവിച്ചതല്ല. വി. മത്തായിയുടെ സുവിശേഷം 28-ാം അദ്ധ്യായം 17-ാം വാക്യത്തിൽ കർത്താവിന്റെ കല്പ്പന അനുസരിച്ച് ഗലീലയിൽ എത്തിയ ശ്ലീഹന്മാരിൽ ചിലർ കർത്താവിനെ കണ്ടപ്പോൾ സംശയിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു (വി. മത്തായി 28:17). വീണ്ടും വി. മർക്കോസ് എഴുതിയ സുവിശേഷം 16-ാം അദ്ധ്യായം 14-ാം വാക്യത്തിൽ ഉയിർത്തെഴുന്നേറ്റ കർത്താവ് തന്റെ ഉയിർത്തെഴുന്നേൽപ്പിനെ അറിയിച്ചവരുടെ വാർത്ത വിശ്വസിക്കാതിരുന്നതിൽ അവരുടെ അവിശ്വാസത്തെയും ഹൃദയ കാഠിന്യത്തെയും ശാസിക്കുന്നതായി നാം വായിക്കുന്നു (വി. മർക്കോസ് 16:14). ഈ രണ്ടു സുവിശേഷങ്ങളിലും വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നത് മാർത്തോമ്മാ ശ്ലീഹായെ കൂടാതെ, ശ്ലീഹന്മാരുടെ സംഘത്തിൽ, 'പലരും' കർത്താവിൽ വിശ്വസിച്ചില്ല എന്ന വസ്തുതയാണ്. അങ്ങനെയെങ്കിൽ കർത്താവിനെ കണ്ടു മാത്രമേ വിശ്വസിക്കുകയുള്ളൂ എന്ന് തോമ്മാശ്ലീഹാ ശഠിച്ചതിൽ എന്ത് തെറ്റാണ് ഉള്ളത് എന്ന് നാം ചിന്തിക്കേണ്ടതാണ്. ഓർത്തഡോക്സ് സഭയിൽ മാർത്തോമ്മായുടെ ഈ വിശ്വാസ സംശയ സ്വഭാവത്തെ ഒരു പോരായ്മയായി കാണുന്നില്ല മറിച്ച് അത് ക്രിസ്തുവിന്റെ ദൈവത്വം സംബന്ധിച്ചുള്ള, തന്റെ വലിയ ഏറ്റുപറച്ചിലായി വീക്ഷിക്കുന്നു (The Orthodox Church views St. Thomas's doubt not as a spiritual failure, but as a "blessed doubt" that ultimately led to a profound confession of Christ's Divinity). ആധുനിക മനുഷ്യനെ സംബന്ധിച്ചിടത്തോളം നമ്മുടെ സംശയങ്ങളും ചോദ്യങ്ങളും പലപ്പോഴും വിശ്വാസത്തിന്റെ ആഴം കൂട്ടാൻ സഹായിക്കുന്നവയാണ്. ചോദ്യം ചെയ്യാനുള്ള സ്വാതന്ത്ര്യം വിശ്വാസത്തെ കൂടുതൽ ദൃഢമാക്കുന്നു.

ക്രിസ്തുവിന്റെ പ്രതികരണം: ശാസനയല്ല, സ്നേഹം.

ഇവിടെ ശ്രദ്ധേയമായ കാര്യം പ്രതികരണം വളരെ ദൃഢമുടേതാണ് തന്റെ ഉത്ഥാനത്തെപ്പറ്റി മറ്റുള്ളവരുടെ സാക്ഷ്യം താൻ അവിശ്വസിച്ചപ്പോൾ മാർത്തോമ്മായെ കർത്താവ് തള്ളിപ്പറയുന്നില്ല. പകരം അവനെ അരികിലേക്ക് വിളിച്ച് സ്വന്തം മുറിവുകളെ കാണിച്ചുകൊടുക്കുക ചെയ്തു. തോമസിന് ആവശ്യമായ തെളിവ് നൽകുകയാണ് കർത്താവ് ചെയ്തത്. ഈ സംഭവം നമ്മെ പഠിപ്പിക്കുന്ന വലിയ ഒരു പാഠം ഉണ്ട്. ദൈവം നമ്മെ ഓർമിപ്പിക്കുന്നത്, നമ്മുടെ ബലഹീനതകളെയോ സംശയങ്ങളെയോ മനസ്സിലാക്കുന്നവനും, ആത്മാർത്ഥമായി അന്വേഷിക്കുന്നവർക്ക് അവിടുന്ന് തന്നെത്തന്നെ വെളിപ്പെടുത്തുന്നവനുമാണ്. 34 സങ്കീർത്തനം 10-ാം വാക്യം ഓർപ്പിയ്ക്കുന്നത് സത്യമാണ്. "ബാല സിംഹങ്ങളും ഇരകിട്ടാതെ വിശന്നിരിക്കും; യഹോവയെ അന്വേഷിക്കുന്നവർക്കോ ഒരു നന്മയ്ക്കും കുറവില്ല" (സങ്കീ. 34:10). ആത്മീയ ജീവിതത്തിൽ ഒരു ദൈവന്വേഷണ യാത്രയുടെ ആവശ്യകതയെക്കുറിച്ച് വരച്ചു കാട്ടുകയാണ് മാർത്തോമ്മായുടെ ഈ പ്രതികരണവും തുടർന്നു പ്രതികരണവും. ശാസനയെക്കാൾ തന്നോട് ചേർത്തു പിടിക്കുന്ന സ്നേഹത്തെ യാണ് കർത്താവ് അവലംബിക്കുന്നത്. നമ്മുടെ സാമൂഹിക, സഭാ ജീവിതത്തിലും തമ്പുരാൻ നൽകുന്ന വലിയ ഒരു ആഹ്വാനം ആയി വിലയിരുത്തേണ്ടിയിരിക്കുന്നു.

വിശ്വാസ വീരനായ മാർത്തോമ്മാ ശ്ലീഹാ പത്രോസ് ശ്ലീഹാ ഉൾപ്പെടെയുള്ള മറ്റു ശ്ലീഹന്മാർ യേശുവിനെ 'ദൈവപുത്രൻ' എന്ന് പൊതുവായി ഏറ്റുപറഞ്ഞപ്പോൾ തോമസ് തന്റെ സ്വന്തം ജീവിതത്തിൽ കർത്താവും ദൈവവുമായി (My Lord and my God) തിരിച്ചറിയുകയായിരുന്നു. കേവലം, കേട്ടുകേൾവിയിലുള്ള വിശ്വാസത്തിൽ നിന്നും, യേശുവും ആയുള്ള വ്യക്തിപരമായ അനുഭവത്തിലൂടെയുള്ള ഒരു തിരിച്ചറിവ് ആയിരുന്നു അത്. ഇത് വെളിവാക്കുന്ന മറ്റൊന്നു വസ്തുതയുണ്ട്. മറ്റു ശ്ലീഹർ

പ്രസ്താവികാത്ത ഒന്നാണ്, യേശു ക്രിസ്തു ദൈവമാണ് എന്ന മാർത്തോമ്മായുടെ പ്രഖ്യാപനം. ക്രിസ്തു ദൈവമാണ് എന്ന് തോമസ് അപ്പോസ്തോലൻ മാത്രമേ ഏറ്റുപറഞ്ഞിട്ടുള്ളൂ എന്നത് ഇവിടെ ശ്രദ്ധേയ മാണ്. യേശു പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമാണ് എന്ന ക്രിസ്തു ശാസ്ത്രപരമായ തിരിച്ചറിവാണ് ഇത് (In proclaiming Jesus as 'God' St. Thomas Exhorts the Christological Axiom that Jesus is Fully God and Fully Human).

രണ്ടാമതായി, തോമ്മാ ശ്ലീഹായുടെ ധീരതയും, തീഷ്ണതയും, ഗുരുവിനോട് ഉള്ള സ്നേഹവും സന്നദ്ധതയും പ്രകടമാക്കുന്ന, മറ്റൊരു സംഭവമാണ്.

വി. യോഹന്നാൻ എഴുതിയ സുവിശേഷം 11-ാം അദ്ധ്യായത്തിൽ വിവരിക്കുന്നത്. ബേഥാന്യയിലെ ലാസറിനെ ഉയിർപ്പിക്കാനായി പോകുന്ന അവസരം, യഹൂദന്മാർ തന്നെ വധിക്കുമെന്ന് ഭയന്ന്, മറ്റു ശിഷ്യൻമാർ കർത്താവിനെ നിരുത്സാഹപ്പെടുത്തി. കൺമുമ്പിലുള്ള മാർ കർത്താവിനെ നിരുത്സാഹപ്പെടുത്താൻ തുടങ്ങിയപ്പോൾ, ധീരമായ തന്റെ നിലപാട്

അറിയിച്ച് സഹശിഷ്യന്മാരെ ആഹ്വാനം ചെയ്യുന്നത്, തമ്പുരാൻ കൂടെ "മരിക്കേണ്ടതിന് നാമും പോകുക" എന്ന വാക്കുകളിൽ വ്യക്തമാണ്. ഗുരുവിനോട് കൂടെ മരിക്കാനും സന്നദ്ധനായ മാർത്തോമ്മാ ശ്ലീഹാ. ഇത് കേവലം ഒരു പ്രസ്താവനയല്ല. മറിച്ച് തന്റെ അന്തരംഗം ത്തിൽ നിന്നും ഉയർന്ന വലിയ വിശ്വാസ സാക്ഷ്യമാണ്, തന്റെ ബോധ്യവും ആത്മാർത്ഥതയുമാണ്. (The statement 'Let us also go, that we may die with him' shows his True cost of his discipleship of taking the Cross and his commitment and Conviction).

മാർത്തോമ്മായുടെ മക്കളായ നമുക്കു മാതൃക അദ്ദേഹം പകർന്നു തരുന്ന അനേകം പാഠങ്ങൾ ഉണ്ട്. നമ്മുടെ ജീവിതത്തിലെ പരാജയങ്ങളും ഇരുണ്ട നിമിഷങ്ങളും സംശയങ്ങളുമെല്ലാം, ദൈവത്തിന്റെ വലിയൊരു വെളിപ്പെടുത്തലിലേക്ക് നമ്മെ നയിക്കാൻ ദൈവം അനുവദിക്കുന്നവ ആകാം. ഏതുതരം നിർണായക

അവസരത്തിലും നമുക്കും തോമ്മാശ്ലീഹായെ പോലെ പൂർണ്ണ ഹൃദയത്തോടെ ഏറ്റു പറയാം. "എന്റെ കർത്താവും എന്റെ ദൈവവുമേ!".

ദിയസ്കോറോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ 22, 23 തീയതികളിൽ

തിരുവനന്തപുരം: ഭദ്രാസനത്തെ രണ്ട് ദശാബ്ദക്കാലം മെത്രാപ്പോലീത്താ എന്ന നിലയിൽ സ്തുത്യർഹമായി നയിച്ച പുണ്യശ്ലോകനായ ഗീവർഗീസ് മാർ ദീയസ്കോറോസ് തിരുമേനിയുടെ 27–ാമത് ഓർമ്മപ്പെരുന്നാൾ അദ്ദേഹത്തിന്റെ കബറിടം സ്ഥിതിചെയ്യുന്ന റാന്നി ഹോളി ട്രിനിറ്റി ആശ്രമചാപ്പലിൽ 22, 23 ദീയതികളിൽ നടത്തപ്പെടുന്നു. ഭദ്രാസനതലത്തിലുള്ള പെരുന്നാൾ ശുശ്രൂഷകൾ താഴെപ്പറയുന്ന വിധം ക്രമീകരിച്ചിരിക്കുന്നു. ജൂലൈ 25 ശനി, 26 ഞായർ ദിവസങ്ങളിൽ ഭദ്രാസന അരമനയോടു ചേർന്നുള്ള ഉള്ളൂർ ഹോളി ട്രിനിറ്റി ചാപ്പലിൽ ഓർമ്മപ്പെരുന്നാൾ നടത്തും. 25ന് സന്ധ്യാനമസ്കാരത്തെ തുടർന്ന് ധ്യാനപ്രസംഗവും ഉണ്ടായിരിക്കും. 26ന് വിശുദ്ധ കുർബ്ബാനയും ധൂപാർപ്പണവും നടത്തപ്പെടുന്നതാണ്.

22ന് രാവിലെ ഇടമുളയ്ക്കൽ വിഎംഡിഎം സെന്ററിലെ ചാപ്പലിൽ വിശുദ്ധ കുർബ്ബാനയും ധൂപാർപ്പണവും ഉണ്ടായിരിക്കും.

പാവനസ്മരണ തീർത്ഥയാത്ര

ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിലും വിവിധ ആദ്ധ്യാത്മിക സംഘടനകളുടെ സഹകരണത്തിലും നടത്തിവരാറുള്ള പാവനസ്മരണ തീർത്ഥയാത്ര ജൂലൈ 22ന് ഇടമുളയ്ക്കൽ വിഎംഡിഎം സെന്ററിൽ നിന്ന് വിശുദ്ധ കുർബ്ബാനാനന്തരം രാവിലെ 10.30ന് കബറിങ്കലേക്ക് പുറപ്പെടും. തീർത്ഥയാത്ര ഉച്ചകഴിഞ്ഞ് മൂന്നിന് അഭിവന്ദ്യ പിതാവിന്റെ കബറിങ്കൽ എത്തിച്ചേരുന്നതായിരിക്കും.



പത്രോസ്–പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ ജൂൺ 29ന്

വി. തോമ്മാശ്ലീഹായുടെ ദുഃഖറോനോ ജൂലൈ 3ന്

ബാലസമാജം കലാമേള നടന്നു

അഖില മലങ്കര ബാലസമാജം തിരുവനന്തപുരം ഭദ്രാസന കലാമേള ഫാ. ജോൺ മാത്യു തൂമ്പുങ്കൽ ഉദ്ഘാടനം ചെയ്യുന്നു.

ഇടമുളക്കൽ : അഖില മലങ്കര ബാലസമാജം തിരുവനന്തപുരം ഭദ്രാസന കലാമേള ഇടമുളക്കൽ വിഎംഡിഎം സെന്ററിൽ നടത്തി. വിവിധ മത്സരയിനങ്ങളിലായി 140 മത്സരാർത്ഥികൾ പങ്കെടുത്തു. ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. ജോൺ മാത്യു തൂമ്പുങ്കൽ ഉദ്ഘാടനം ചെയ്തു.

വിഎംഡിഎം സെന്റർ മാനേജർ ഫാ. മാത്യു തങ്കച്ചൻ, ഭദ്രാസന സെക്രട്ടറി റോയി തങ്കച്ചൻ, മണ്ഡലം സെക്രട്ടറിമാർ എന്നിവർ നേതൃത്വം നൽകി. സബ്ജൂനിയർ, ജൂനിയർ, സീനിയർ വിഭാഗങ്ങളിലായി ബാലസമാജാംഗങ്ങൾ മത്സരിച്ചു.

ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന മണ്ഡലത്തിനുള്ള ആയൂർ ഒഴുകുപാറയ്ക്കൽ മറ്റപ്പള്ളിൽ ജയിംസ് മെമ്മോറിയൽ എവർ റോളിംഗ് ട്രോഫി തിരുവനന്തപുരം മണ്ഡലത്തിനും രണ്ടാം സ്ഥാനത്തിനുള്ള പേരൂർക്കട നെടുവക്കാട്ട് ഫാമിലി എവർ റോളിംഗ് ട്രോഫി ചാത്തന്നൂർ മണ്ഡലത്തിനും ലഭിച്ചു.

സ്വപ്നങ്ങൾ വളരേണ്ട പ്രായത്തിൽ ലഹരി വളരാൻ ഇടം നൽകരുത്

ജോബി ബേബി
(രജിസ്റ്റേർഡ് നഴ്സ്, മിനിസ്ട്രി ഓഫ് ഹെൽത്ത്, കുവൈത്ത്)

സമകാലിക കേരളം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി ലഹരിവസ്തുക്കളുടെ അനിയന്ത്രിതമായ വ്യാപനം തന്നെയാണ്. അടുത്തിടെ ഏറ്റവും കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെട്ട വാർത്തകൾ ലഹരിയുമായി ബന്ധപ്പെട്ടതാണ്. അന്താരാഷ്ട്ര ലഹരി മാഫിയകൾ പോലും ഇന്ന് കേരളത്തെ നോട്ടമിടുന്നു എന്ന പേടിപ്പിക്കുന്ന സത്യം നമ്മെ കുറച്ചൊന്നുമല്ല ഭയപ്പെടുത്തുന്നത്. ലഹരി നൽകുന്ന താൽക്കാലികമായ സുഖത്തിലൂടെ സമൂഹത്തിനു തന്നെ ബാധ്യതയാവുന്ന കൊടും ക്രിമിനലുകളായി ഒരു സമൂഹം മാറുന്നു. പെറ്റമ്മയെ വെട്ടി നുറുക്കിയിട്ട് ജന്മം നൽകിയതിനുള്ള പ്രതികാരമാണിതെന്ന് കുറ്റബോധമില്ലാതെ ന്യായീകരിക്കുന്ന മക്കൾ, നമ്മുടെയൊക്കെ വീടകങ്ങളിലും ഇല്ലെന്ന് ഉറപ്പിച്ചുപറയാൻ കഴിയാത്ത വിധം ലഹരിവസ്തുക്കളുടെ ഉപയോഗവും ആസക്തിയും കൂടിക്കൊണ്ടിരിക്കുകയാണ്. ലഹരിയിൽ വീണുപോയ മക്കളെ കുറിച്ചുള്ള ആകുലതകളോടെ നെഞ്ച് നീറി ജീവിക്കുന്ന ഒട്ടേറെ പ്രവാസികളുടെ നിസ്സഹായത നിറഞ്ഞ ആത്മവേദനകൾക്ക് പലപ്പോഴും നേർസാക്ഷിയാകാനും ഇടയായിട്ടുണ്ട്.

അതിന്റെ വെളിച്ചത്തിൽ നിസംശയം പറയാം സമൂഹത്തെ ഒന്നടങ്കം നശിപ്പിക്കുന്ന ലഹരിയുടെ വേര് അറുക്കപ്പെടണം.

ലഹരിവ്യാപനത്തിന്റെ സ്വഭാവം

ആദ്യകാലങ്ങളിൽ മോഷണം, കൊലപാതകം, ബലാത്സംഗം തുടങ്ങിയ കേസുകളിലെ പ്രതികളിൽ ഭൂരിഭാഗവും മദ്യമോ പുകയില ഉൽപ്പന്നങ്ങളോ ഉപയോഗിക്കുന്നവരായിരുന്നു. പിന്നീട് കഞ്ചാവ് വ്യാപകമായി. തുടർന്ന് ബ്രൗൺ ഷുഗർ, കൊക്കെയ്ൻ തുടങ്ങിയ മാരക ലഹരിമരുന്നുകൾ എത്തി. ഇന്ന് എൽഎസ്ഡി, എംഡിഎംഎ, ക്രിസ്റ്റൽ മെത്ത്, ഐസ്, സ്പീഡ് തുടങ്ങിയ പുതുതലമുറ ലഹരികൾ വിദ്യാർഥികൾക്കിടയിൽ പോലും വ്യാപകമാണ്. മുൻപ് രഹസ്യകേന്ദ്രങ്ങളിൽ കൈമാറിയിരുന്ന ലഹരിമരുന്നുകൾ ഇന്ന് സാമൂഹ്യമാധ്യമങ്ങളിലൂടെയും രഹസ്യ കോഡുകളിലൂടെയുമാണ് വിതരണം ചെയ്യപ്പെടുന്നത്. ലഹരി മരുന്നുകൾ നൽകി വിദ്യാർഥി-വിദ്യാർഥിനികളെ ലൈംഗികമായി ചൂഷണം ചെയ്യുന്ന സംഭവങ്ങളും വർധിച്ചിട്ടുണ്ട്. പലപ്പോഴും ഇത്തരം സംഭവങ്ങൾ പുറത്തറിയുമ്പോഴേക്കും ആ കുട്ടികളുടെ ജീവിതം തന്നെ തകർന്നുപോയിട്ടുണ്ടാകും എന്നതാണ് യാഥാർഥ്യം.

ലക്ഷണങ്ങൾ എങ്ങനെ തിരിച്ചറിയാം

എംഡിഎംഎപോലുള്ള സിന്തറ്റിക് ലഹരിമരുന്നുകൾ ആദ്യം ഉൽസാഹമെന്ന് തോന്നിപ്പിക്കുന്ന ഒരു താൽക്കാലിക അവസ്ഥ നൽകുമെങ്കിലും പിന്നീട് ശരീരത്തെയും മനസ്സിനെയും പൂർണമായി തകർക്കും. ഹൃദയാഘാതം, മസ്തിഷ്കാഘാതം, മാനസികരോഗങ്ങൾ, ആത്മഹത്യാപ്രവണത എന്നിവക്ക് വരെ ഇത് കാരണമാകുന്നു. എൽഎസ്ഡി പോലുള്ള ലഹരി മരുന്നുകൾ യാഥാർഥ്യവും ഭ്രമവും തമ്മിലുള്ള തിരിച്ചറിവ് ഇല്ലാതാക്കും. ഉയർന്ന കെട്ടിടങ്ങളിൽ നിന്ന് ചാടുക, അപകടകരമായ രീതിയിൽ വാഹനങ്ങൾ ഓടിക്കുക തുടങ്ങി നിരവധി ദുരന്തങ്ങൾ ഇതിന്റെ ഫലമായി ഉണ്ടായിട്ടുണ്ട്. ലഹരിക്ക് അടിമപ്പെടുന്ന കുട്ടികളിൽ ചില പൊതുവായ ലക്ഷണങ്ങൾ പ്രകടമാകാറുണ്ട്: കുടുംബാംഗങ്ങളിൽ നിന്ന് അകലം പാലിക്കുക, അസാധാരണമായ പുതിയ സൗഹൃദങ്ങൾ ഉണ്ടാക്കുക. അമിതമായി പണം ചിലവഴിക്കുക, പഠനത്തിൽ താല്പര്യം കുറയുക. പെട്ടെന്ന് ദേഷ്യപ്പെടുക, അകാരണമായ രാത്രികാല സഞ്ചാരങ്ങൾ നടത്തുക എന്നിവയൊക്കെ ലക്ഷണങ്ങളാണ്.

എന്ത് ചെയ്യാൻ സാധിക്കും

കേരള പൊലീസ് ആരംഭിച്ചിരിക്കുന്ന 'ഓപ്പറേഷൻ തൂഫാൻ' പോലുള്ള ശക്തമായ നടപടികൾ ഇതിന് അനിവാര്യമാണ്. എന്നാൽ, പൊലീസ് നടപടികൾ കൊണ്ടുമാത്രം ഈ വിപത്തിന് പരിഹാരമാകില്ല. സമൂഹം ഒന്നടങ്കം ഈ പോരാട്ടത്തിന്റെ ഭാഗമാകേണ്ടതുണ്ട്. മുകളിൽ വിവരിച്ച ലക്ഷണങ്ങൾ മാത്രം കണ്ട് കുട്ടികളെ കുറ്റപ്പെടുത്തുകയോ അകറ്റി നിർത്തുകയോ ചെയ്യരുത്. അവരോട് സ്നേഹത്തോടെ സംസാരിക്കുകയും അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുകയുമാണ് വേണ്ടത്. ലഹരിക്കെതിരായ പോരാട്ടത്തിൽ കുടുംബങ്ങൾക്ക് വലിയ പങ്കുണ്ട്. മാതാപിതാക്കൾ കുട്ടികളുമായി തുറന്ന ആശയവിനിമയം നടത്തണം. അവരുടെ സുഹൃത്തുക്കൾ ആരൊക്കെയെന്ന് കൃത്യമായി അറിഞ്ഞിരിക്കണം. കായിക, കലാ, സാംസ്കാരിക പ്രവർത്തനങ്ങളിലേക്ക് കുട്ടികളെ പ്രോത്സാഹിപ്പിക്കണം. വീടുകളിൽ എപ്പോഴും സ്നേഹവും വിശ്വാസവും നിറഞ്ഞ അന്തരീക്ഷം ഉണ്ടായിരിക്കണം.

അധ്യാപകർക്കും ഇതിൽ വലിയ ഉത്തരവാദിത്വമുണ്ട്. സ്കൂളുകളിലും കോളജുകളിലും ഹോസ്റ്റലുകളിലും കുട്ടികളുടെ പെരുമാറ്റത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കണം. ആവശ്യമെങ്കിൽ രക്ഷിതാക്കളുമായും പൊലീസ്, എക്സൈസ് വകുപ്പുകളുമായും നിരന്തര സമ്പർക്കം പുലർത്തണം. സമൂഹത്തിനും ഇതിൽ നിർണായക പങ്കുണ്ട്. ലഹരി വിൽപ്പനയും വിതരണവും സംബന്ധിച്ച വിവരങ്ങൾ ലഭിച്ചാലുടൻ നിയമപാലകരെ അറിയിക്കാൻ മടിക്കരുത്. പ്രാദേശിക ക്ലബ്ബുകൾ, വായനശാലകൾ, ആരാധനാലയങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകണം. പൊലീസ്, എക്സൈസ്, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ നിന്ന് വിരമിച്ച പതിനായിരക്കണക്കിന് ഉദ്യോഗസ്ഥർ നമ്മുടെ സംസ്ഥാനത്തുണ്ട്. അവരുടെ അറിവും അനുഭവസമ്പത്തും സർക്കാർ ഫലപ്രദമായി ഉപയോഗപ്പെടുത്തണം. 1985–ലെ എൻഡിപിഎസ് നിയമം ലഹരിമരുന്നുകൾക്കെതിരെ കർശനമായ ശിക്ഷകൾ വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും, കാലാനുസൃതമായ ഭേദഗതികളും ശക്തമായ നടപ്പാക്കലും ഇതിന് ആവശ്യമാണ്. നിയമത്തിന്റെ ശക്തിക്കൊപ്പം സമൂഹത്തിന്റെ ജാഗ്രതയും ചേർന്നാൽ മാത്രമേ ഈ മഹാവിപത്തിനെ നമുക്ക് നേരിടാൻ കഴിയൂ.

ലക്ഷദ്വീപ് യാത്രാവിവരണം ആദ്യ ദിനത്തിന്റെ അനുഭവങ്ങൾ

നീലക്കടലിന്റെ മടിത്തട്ടിൽ ഒരു ദിവസം

ഷീജ മേരി ജേക്കബ്

പ്രകൃതിയുടെ അത്ഭുതസൗന്ദര്യം അടുത്തറിയാൻ അവസരം ലഭിച്ച യാത്രയായിരുന്നു ലക്ഷദ്വീപിലേക്കുള്ളത്. വിമാനത്തിൽ നിന്ന് ദ്വീപിന്റെ കാഴ്ച കണ്ട നിമിഷം തന്നെ മനസ്സ് നിറഞ്ഞു. പച്ചനീല നിറങ്ങളിൽ തിളങ്ങുന്ന കടലും, വെള്ളിമണൽ തീരങ്ങളും, തെങ്ങിൻതോപ്പുകളും ചേർന്ന് സ്വർഗീയമായൊരു അനുഭവമാണ് സമ്മാനിച്ചത്. ആദ്യമായി സന്ദർശിച്ചത് ലഗൂൺ ബീച്ച് ആയിരുന്നു. ശാന്തമായ തിരമാലകളും കണ്ണാടിപോലെ തെളിഞ്ഞ വെള്ളവും ആ ബീച്ചിനെ അതിമനോഹരമാക്കി. കടലിന്റെ അടിത്തട്ട് വരെ വ്യക്തമായി കാണാൻ കഴിയുന്ന ജലം കണ്ടപ്പോൾ പ്രകൃതിയുടെ വിസ്മയം മനസ്സിലായി. കുറച്ചുസമയം അവിടെ ചെലവഴിച്ചപ്പോൾ മനസ്സും ശരീരവും ഒരുപോലെ ഉന്മേഷഭരിതമായി.

തുടർന്ന് ഈസ്റ്റ് ജെട്ടി സന്ദർശിച്ചു. അവിടെ നങ്കൂരമിട്ടിരിക്കുന്ന മത്സ്യബന്ധന ബോട്ടുകളും, കടലിന്റെ അനന്തമായ നീലിമയും, കടൽക്കാറ്റിന്റെ തണുപ്പും മനസ്സിന് വലിയ ആശ്വാസം നൽകി. പ്രദേശവാസികളുടെ ലളിതമായ ജീവിതരീതിയും അവരുടെ സൗഹൃദപരമായ പെരുമാറ്റവും യാത്രയെ കൂടുതൽ മനോഹരമാക്കി.

അതിനുശേഷം വെസ്റ്റ് ജെട്ടിയിലേക്ക് യാത്രയായി. ഇവിടെ നിന്നുള്ള കടൽക്കാഴ്ചയ്ക്ക് ഒരു പ്രത്യേക ഭംഗിയുണ്ടായിരുന്നു. തിരമാലകളുടെ സംഗീതവും കടൽപ്പക്ഷികളുടെ പറക്കലും ചേർന്ന് പ്രകൃതിയുടെ ഒരു മനോഹര ദൃശ്യവിരുന്ന് ഒരുക്കി. നിരവധി ചിത്രങ്ങൾ പകർത്തി ആ നിമിഷങ്ങളെ ഓർമ്മകളിൽ സൂക്ഷിച്ചു.

ദിവസാവസാനം ആന്തൻ ബീച്ചിൽ (അമിവേമി ആലമരവ) എത്തി സൂര്യാസ്തമയം ആസ്വദിച്ചു. ചുവപ്പും ഓറഞ്ചും സ്വർണ്ണനിറവും കലർന്ന ആകാശം പതുക്കെ കടലിലേക്ക് അലിഞ്ഞുചേരുന്ന കാഴ്ച ജീവിതത്തിലെ മറക്കാനാവാത്ത അനുഭവമായി. അസ്തമയ സൂര്യന്റെ പൊൻകിരണങ്ങൾ കടലിൽ പ്രതിഫലിച്ചപ്പോൾ പ്രകൃതി തന്റെ ഏറ്റവും മനോഹരമായ ചിത്രം വരച്ചത്.

പരിശുദ്ധ പൗലോസ് ശ്ലീഹായുടെ കൈചങ്ങല

ഫാ ഗീവർഗീസ് പള്ളിവാതിൽക്കൽ

പരിശുദ്ധ പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ ക്രൈസ്തവ സഭകളിൽ ജൂൺ 29നാണ് ആചരിക്കുന്നത്. റോമിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ വിശുദ്ധ പത്രോസ് ശ്ലീഹായും റോമിലെ തന്നെ സെന്റ് പോൾസ് ബസിലിക്കയിൽ (Basilica of St. Paul Outside the Walls) പരിശുദ്ധ പൗലോസ് ശ്ലീഹായും അന്ത്യവിശ്രമം കൊള്ളുന്നു .പരിശുദ്ധ പൗലോസ് ശ്ലീഹായുടെ കബറിടത്തിൽ ഒരു കൈ ചങ്ങല പ്രദർശിപ്പിച്ചിരിക്കുന്നത് അവിടം സന്ദർശിക്കുന്ന ഏവരുടെയും ശ്രദ്ധ ആകർഷിക്കുന്ന ഒന്നാണ്. ശ്ലീഹാ കാരാഗൃഹത്തിൽ ആയിരുന്നപ്പോൾ അദ്ദേഹത്തെ ബന്ധിച്ചിരുന്ന കൈച്ചങ്ങലയാണ് എന്ന് അവിടെ രേഖപ്പെടുത്തിയിട്ടുണ്ട്. പരിശുദ്ധ പൗലോസ് ശ്ലീഹായുടെ ഓർമ്മ ദിവസമായ ജൂൺ 29ന് ഈ ചങ്ങല ആഘോഷമായി എഴുന്നള്ളിച്ച് പ്രദക്ഷിണത്തിൽ ഉപയോഗിക്കുന്നു. പ്രഥമ ദൃഷ്ടിയിൽ ഈ ഇരുമ്പ് ചങ്ങലക്ക് എന്ത് പ്രസക്തി എന്ന് തോന്നാമെങ്കിലും, ഇതിനെ ഒരു ഇരുമ്പ് ചങ്ങല എന്നതിനേക്കാൾ ഉപരിയായി ഒരു വലിയ ആത്മീയ ദൃഷ്ടാന്തമായിട്ടാണ് സഭാപിതാക്കന്മാർ കണക്കാക്കിയത്.



പൗലോസ് ശ്ലീഹാ തന്നെ, തന്റെ ഏറ്റവും വലിയ ഭാഗ്യവും അനുഗ്രഹവും ആഭരണവുമായി ഈ കൈ ചങ്ങലയെ കണക്കാക്കിയിരുന്നു. എഫെസ്യ ലേഖനം നാലാം അധ്യായം ആരംഭിക്കുന്നത് 'കർതൃസേവ നിമിത്തം ബന്ധനായിരിക്കുന്ന ഞാൻ പ്രബോധിപ്പിക്കുന്നത്' എന്നു പറഞ്ഞു കൊണ്ടാണ്. അതുപോലെ ഫിലിപ്പിയർ 1:13 ൽ 'എന്റെ ബന്ധനങ്ങൾ ക്രിസ്തു നിമിത്തമാകുന്നു' എന്നും ഫിലമോന് എഴുതിയ ലേഖനം ഒമ്പതാം വാക്യത്തിൽ 'പൗലോസ് എന്ന വയസ്സനും ഇപ്പോൾ യേശുക്രിസ്തുവിന്റെ ബദ്ധനുമായിരിക്കുന്ന ഈ ഞാൻ' എന്നും സ്വയം വിശേഷിപ്പിക്കുന്നു. കൊലൊസ്സ്യ ലേഖനം 4:3 ൽ 'എനിക്ക് ബന്ധനകാരണമായത് ക്രിസ്തുവിന്റെ മർമ്മം' എന്നും എഴുതിയിരിക്കുന്നു, ലേഖനം അവസാനിക്കുന്ന വാക്യത്തിൽ എന്റെ ബന്ധനങ്ങളെ ഓർത്തുകൊൾവാൻ' (Remember my chains) എന്നുള്ള ആഹ്വാനവും കാണുന്നു. എന്റെ ബന്ധനങ്ങളെ ഓർത്തുകൊള്ളുവാനുള്ള ഈ ആഹ്വാനമാകണം പിന്നീട് സഭാപിതാക്കന്മാർക്ക് പരിശുദ്ധ പൗലോസ് ശ്ലീഹായുടെ കൈ ചങ്ങലയ്ക്കു വലിയ പ്രാധാന്യം നൽകുവാൻ ഇടയാക്കിയത്.

വിശുദ്ധനായ ജോൺ ക്രിസോസ്റ്റം എഴുതിയ എഫെസ്യ ലേഖന വ്യാഖ്യാനത്തിൽ (Homily 8 on Ephesians) ഈ കൈ ചങ്ങലയെപ്പറ്റി സവിസ്തരം പ്രതിവാദിക്കുന്നുണ്ട്, അത് ഇപ്രകാരമാണ്. 'ആ വിശുദ്ധ കരങ്ങളിൽ ബന്ധിക്കപ്പെട്ട ചങ്ങല പോലെ ക്രിസ്തുവിന് മഹത്വം ഉള്ളതായി മറ്റൊന്നില്ല. ക്രിസ്തുവിന് വേണ്ടി ഒരു തടവുകാരൻ ആകുന്നത് ഒരു അപ്പോസ്തോലൻ ആകുന്നതിനേക്കാൾ, ഒരു ഗുരു ആകുന്നതിനേക്കാൾ, ഒരു സുവിശേഷകൻ ആകുന്നതിനേക്കാൾ കൂടുതൽ മഹത്വമുള്ളതാണ്. ക്രിസ്തുവിനെ സ്നേഹിക്കുന്നവർക്ക് ഞാൻ എന്താണ് പറയുന്നതെന്ന് മനസ്സിലാകും...... ക്രിസ്തുവിനെ ഭക്തിയോടെ സ്നേഹിക്കുന്ന നിങ്ങളെ ആരെങ്കിലും ബദ്ധരാക്കി കൊണ്ടുപോയി തീകൊളുത്തപ്പെടുമ്പോൾ ആ ബന്ധനത്തിന്റെ ശക്തി അറിയുവാൻ കഴിയും. അത്തരമൊരു വ്യക്തി തന്റെ വാസസ്ഥലമായ കാരാഗൃഹത്തെ സ്വർഗ്ഗമായി തിരഞ്ഞെടുക്കും. ആ വ്യക്തി ഏതൊരു സ്വർണത്തേക്കാളും കിരീടത്തിലെ രാജകീയ ചിഹ്നത്തെക്കാളും ശരീരത്തിലെ ഏതൊരു ആഭരണത്തേക്കാളും തന്റെ കയ്യിലെ ഇരുമ്പ് ചങ്ങല ശ്രേഷ്ഠവും ഭാഗ്യവുമായി കണക്കാക്കും. ഈ മഹത്തായ ചങ്ങലയെ മറ്റ് ഭൗതീക വസ്തുക്കളുമായി താരതമ്യം ചെയ്യുവാൻ ഞാൻ ലജ്ജിക്കുന്നു. എന്റെ ഇഷ്ടം ആ ചങ്ങലയോ ഉന്നതസ്ഥാനമോ? എനിക്ക് ആരെങ്കിലും ആ ചങ്ങലയോ ദൂതന്മാരോടൊപ്പം ഉള്ള ഉന്നതസ്ഥാനമോ വാഗ്ദാനം ചെയ്താൽ ഞാൻ ആ ചങ്ങലയോടൊപ്പം വിശുദ്ധ പൗലോസിനോട് കൂടെ തടവറയിൽ നിൽക്കുന്നത് തിരഞ്ഞെടുക്കും. ആ ചങ്ങലയെക്കാൾ അനുഗ്രഹീതമായി മറ്റൊന്നില്ല. പിശാചുക്കൾ ഭയപ്പെടുകയും വിറയ്ക്കുകയും ചെയ്യുന്ന ആ ചങ്ങലയെ എനിക്ക് കാണാൻ കഴിഞ്ഞിരുന്നെങ്കിൽ മാലാഖമാർ ബഹുമാനിക്കുന്ന ആ ചങ്ങലയെ എനിക്ക് കാണാൻ കഴിഞ്ഞിരുന്നെങ്കിൽ. ആ അനുഗ്രഹീത





ബന്ധനങ്ങൾ... ആ ചങ്ങല അലങ്കരിച്ച അനുഗ്രഹീത കൈകൾ.... ഞാനാ കാലങ്ങളിൽ ജീവിച്ചിരുന്നെങ്കിൽ

കർത്താവിന് വേണ്ടി ബന്ധിക്കപ്പെട്ട ആ കൈകളെ വലിയ താല്പര്യത്തോടെ ആലിംഗനം ചെയ്ത് എന്റെ കണ്മണിയോട് അടുപ്പിക്കുമായിരുന്നു. ചങ്ങലയാൽ ബന്ധിക്കപ്പെട്ട ആ കൈകളെ ചുംബിക്കുന്നത് നിർത്തുമായിരുന്നില്ല.അണലി പൗലോസിന്റെ കയ്യിൽ ചുറ്റിയപ്പോൾ അത് അവനെ ഉപദ്രവിച്ചില്ലല്ലോ, എന്ന് നിങ്ങൾ അത്ഭുതപ്പെടുന്നുണ്ടോ? അത്ഭുതപ്പെടേണ്ട, ആ അണലി ശ്ലീഹായുടെ കൈചങ്ങലയെ ആദരിച്ചു. അതെ കരയും കടലും അവന്റെ കൈചങ്ങലയെ ആദരിച്ചു. കാരണം കപ്പൽഛേദത്തിൽ നിന്ന് രക്ഷപ്പെട്ടപ്പോഴും അവൻ ബന്ധിക്കപ്പെട്ടിരുന്നു. അത് അവനെ സ്വർഗ്ഗത്തിലേക്ക് ആകർഷിച്ച ചങ്ങലയാണ്. നീതിയുടെ കിരീടത്തിന് (2 തീമോത്തിയോസ് 4:8) അവനെ യോഗ്യനാക്കിയ ചങ്ങലയാണ്. (Free translation of Homily 8 on Ephesians by St. John Chrysostom)

പരിശുദ്ധ പൗലോസ് ശ്ലീഹായുടെ ബന്ധനങ്ങളെ നമുക്ക് ഓർക്കാം. ആ മധ്യസ്ഥതയിൽ അഭയപ്പെടാം. പരിശുദ്ധ പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ നമുക്ക് കാവലായിരിക്കട്ടെ.

എന്റെ ചങ്ങലകളെ ഓർത്തുകൊൾവിൻ.........

8086237253
7356218881
ടയർ സ്റ്റോർ
MULTI BRANDED TYRES
3D WHEEL ALIGNMENT
Opp. East High School, Anchal
BAJAJ EMI & CREDIT CARD FACILITY AVAILABLE

ഡോ. മാത്യു ഡാൻ; സ്വന്തം പേരിൽ ചെടിയുള്ള സസ്യശാസ്ത്രജ്ഞൻ

ഡോ. മാത്യു ഡാനുമായി ഫാ. സജി മേക്കാട്ട് നടത്തിയ അഭിമുഖം



കേരളത്തിൽ നിന്നുള്ള പ്രശസ്തനായ ഒരു സസ്യശാസ്ത്രജ്ഞനും (Plant Taxonomist) ശാസ്ത്രജ്ഞനുമാണ് ഡോ. മാത്യു ഡാൻ. സസ്യശാസ്ത്ര രംഗത്ത് പതിറ്റാണ്ടുകളുടെ പ്രവർത്തനപരിചയമുള്ള അദ്ദേഹം, പുതിയ സസ്യവർഗ്ഗങ്ങളെ കണ്ടെത്തൽ, സസ്യങ്ങളുടെ സംരക്ഷണം, ഔഷധസസ്യങ്ങൾ എന്നിവയിൽ വിദഗ്ദ്ധനാണ്. പാലോട് ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റ്യൂട്ട് മുൻ പ്രിൻസിപ്പൽ സയന്റിസ്റ്റാണ് ഇദ്ദേഹം. സസ്യങ്ങളുടെ വർഗീകരണം, ഔഷധസസ്യങ്ങളുടെ പഠനം, സംരക്ഷണം എന്നിവയാണ് ഇദ്ദേഹത്തിന്റെ പ്രവർത്തന മേഖല. പുതിയ സസ്യയിനങ്ങളെ കണ്ടെത്തുന്നതിലും, അവയെക്കുറിച്ചുള്ള ശാസ്ത്രീയ വിവരങ്ങൾ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിലും അദ്ദേഹം പ്രധാന പങ്കുവഹിക്കുന്നുണ്ട്. ഡോ. മാത്യു ഡാൻ പേരൂർക്കട തെക്കൻ പരുമല സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകാംഗമാണ്.

⇨ ***വി. വേദപുസ്തകത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള സസ്യാദികളെപ്പറ്റിയും ജീവജാലങ്ങളെക്കുറിച്ചുമുള്ള വായനയും പഠനവും നടത്തുവാൻ പ്രചോദനം ലഭിച്ചതെങ്ങനെ? അങ്ങയുടെ ഔദ്യോഗിക ജീവിതം അതിനു എപ്രകാരം ഗുണകരമായി?***

ഔദ്യോഗിക ആവശ്യത്തിനായി, മൂന്നു മാസത്തെ ഹോർട്ടിക്കൾച്ചർ ഇന്റേൺഷിപ്പ് ചെയ്യുന്നതിനായി ഞാൻ 1995ൽ ലണ്ടനിൽ എത്തി. ആദ്യ ഞായറാഴ്ച സമീപത്തുള്ള സെന്റ് ആൻസ് ആംഗ്ലിക്കൻ ദേവാലയത്തിൽ പോയി. 1770ൽ തുടങ്ങിയ പള്ളിയുടെ സുവനീർ ഷോപ്പിൽ 'Plants of the Bible' എന്ന ശീർഷകത്തിൽ 16 സസ്യങ്ങളുടെ ചിത്രവും, അതിന്റെ വാക്യസൂചകങ്ങളും പ്രിന്റ് ചെയ്ത ഒരു ടവൽ കണ്ടു. കൗതുകം തോന്നി, അത് വാങ്ങി. വി. വേദപുസ്തകം വായിക്കുമ്പോൾ സന്ദേഹം തോന്നിയിട്ടുള്ള ദുദായിപ്പഴവും ഈസോപ്പും ആ ടവലിൽ വ്യക്തമായി പ്രിന്റ് ചെയ്തിരുന്നു. അതുവരെ പിടികിട്ടാതിരുന്ന ഖദിര, കരുവേലകം, ഗോഫർ ഇങ്ങനെ കുറേ പേരുകൾ ഉണ്ടല്ലോ എന്ന് ഓർമ്മ വന്നു. അങ്ങനെ വി. വേദപുസ്തകത്തിലെ എല്ലാ ചെടികളുടെയും ഇംഗ്ലീഷ്/ ശാസ്ത്രീയ നാമങ്ങൾ സഹിതം ഒരു പട്ടിക തയ്യാറാക്കാം എന്ന ആലോചന വന്നു. അവയുടെ ചെറിയ വിവരണവും, വേദഭാഗങ്ങളും ചേർത്ത് ഒരു പുസ്തകം ആക്കാമെന്ന് എന്റെ പിതാവ് നിർദേശിച്ചു. മൂന്ന് വർഷത്തോളം നിരന്തരം ഒഴിവുസമയങ്ങളിൽ കുറിപ്പുകൾ ഉണ്ടാക്കി. കമ്പ്യൂട്ടർ, ഇന്റർനെറ്റ് സംവിധാനം ഇവിടെ പ്രചരിച്ചിരുന്നില്ലാത്തതിനാൽ പഠനം ശ്രമകരം ആയിരുന്നു. 1998ൽ **'ലബനോനിലെ ദേവദാരു : വി. വേദപുസ്തകത്തിലെ സസ്യങ്ങൾ – ഒരു പഠനം'** പുറത്തു വന്നു. തിരുവല്ല സിഎസ്എസ് പ്രസിദ്ധീകരണം ഏറ്റെടുത്തു നാല് എഡിഷനുകൾ പുറത്തിറക്കി. താമര, ആൽ, നഞ്ച്, തുളസി, അശോകം തുടങ്ങിയ പല പേരുകളിലുള്ള ചെടികൾ നാം അറിയുന്ന ചെടികൾ അല്ല എന്ന വൈജാത്യം സങ്കീർണ്ണത ഉണ്ടാക്കി. യഥാർത്ഥ ചെടികളുടെ വിശദാംശങ്ങൾ, ഉപയോഗങ്ങൾ, ചിത്രങ്ങൾ ഒക്കെ ലൈബ്രറികളിലൂടെ കണ്ടെത്തി. ഇതിലുള്ള 110 ചെടികളുടെ പഠനത്തെ ശാസ്ത്രീയമായി സമീപിക്കുവാൻ ഔദ്യോഗിക ജീവിതം സഹായകമായി. എന്റെ ഗവേഷണ ഗുരുവും, മുൻ ഡയറക്ടറുമായിരുന്ന പത്മശ്രീ ഡോ. പി. പുഷ്പാംഗദൻ വളരെ സന്തോഷത്തോടെയാണ് ഇതിന് ആശംസ എഴുതി തന്നത്. ക്രൈസ്തവ സാഹിത്യ അക്കാദമിയുടെ 1997-98ലെ വൈജ്ഞാനിക സാഹിത്യത്തിനുള്ള അവാർഡ് ഇതിന് ലഭിച്ചു.

ഈ രചനയ്ക്ക് വേണ്ടിയുള്ള കുറിപ്പുകൾ തയ്യാറാക്കുന്ന കൂട്ടത്തിൽ വി. വേദപുസ്തകത്തിലെ ജന്തുക്കളും പക്ഷികളുമൊക്ക ശ്രദ്ധയിൽ പെട്ടു. പിന്നീട് അവ പഠന വിധേയമാക്കി 90 എണ്ണത്തിന്റെ കുറിപ്പുകൾ തയ്യാറാക്കി. അത് 2011ൽ **'നോഹയുടെ പെട്ടകം – വി. വേദപുസ്തകത്തിലെ ജന്തുജാലങ്ങൾ'** എന്ന പേരിൽ സിഎസ്എസ് തന്നെ പ്രസിദ്ധീകരിച്ചു മൂന്നു എഡിഷനുകൾ പുറത്തിറക്കി. ഒരു വലിയ ദൈവനടത്തിപ്പിന് ഭാഗ്യം ലഭിച്ചു.

⇨ ***അങ്ങയുടെ തൊഴിൽ പ്രകൃതിയുമായി വളരെ അടുത്തിടപെട്ടതായിരുന്നല്ലോ. ഈ ജോലി എത്രമാത്രം ജീവിതാനന്ദം നൽകി?***

ബാല്യം മുതലേ ചെടികളോടുള്ള എന്റെ ഇഷ്ടം പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിൽ വച്ചു ശക്തമായി. സഭയുടെ സീനിയർ മെത്രാപ്പോലീത്ത അഭി. ക്ലീമീസ് തിരുമേനിയുടെ (അന്നത്തെ കുറിയാക്കോസ് അച്ചൻ) പരിസ്ഥിതി ക്ലാസ്സുകളും പ്രചോദനം ആയി. എംഎസ്സി കഴിഞ്ഞ ഉടൻ പാലോട് ബൊട്ടാണിക് ഗാർഡനിൽ ജോലിക്കായി പ്രവേശിച്ചു. മുപ്പത്തിഏഴു വർഷത്തോളം ചെടികളോടൊപ്പം, പ്രത്യേകിച്ച് ഔഷധസസ്യങ്ങൾ. 'തോട്ടത്തിൽ വേല ചെയ്യാനും അതിനെ കാക്കാനും' അവസരം ലഭിച്ച വിശിഷ്ടമായ തൊഴിൽ. തോട്ടത്തിന്റെ രൂപകല്പന, ചെടികളുടെ പരിപാലനം, പഠനം, ഗവേഷണം എന്നിവയിൽ പരിശീലനം നേടി, പലരെയും പരിശീലിപ്പിച്ചു. സസ്യങ്ങളെ അടുത്തു കാണുവാനും, പഠിക്കുവാനും, ശേഖരിക്കുവാനും ആൻഡമാൻ മുതൽ മേഘാലയ വരെ നീണ്ട അനന്തമായ യാത്രകൾ, പ്രകൃതിയുടെ വിവിധ ഭാവങ്ങൾ നേരിൽ കാണുവാനുള്ള അവസരങ്ങൾ, എല്ലാം ആസ്വാദ്യകരം ആയിരുന്നു. ശാരീരിക ക്ലേശങ്ങളെ മനോബലം നിർവീര്യമാക്കിയ സന്ദർഭങ്ങൾ; പഠനഗവേഷണ ആവശ്യങ്ങൾക്കായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വന്നവർക്ക് ചെയ്യുവാൻ കഴിഞ്ഞ സഹായങ്ങൾ; സസ്യ ശാസ്ത്രത്തിലെ ചില കണ്ടെത്തലുകളുടെ ഭാഗമാകുവാൻ ഇടയായ അവസരങ്ങൾ എല്ലാം വളരെ സൗഭാഗ്യം തന്നെ. എന്റെ തൊഴിൽ എന്റെ സന്തോഷം ആയിരുന്നു.

⇨ ***'മെമിസിലോൺ മാത്യുഡാനി'-വിശദീകരിക്കാമോ?***

ഒരു പുതിയ ജീവിയെ കണ്ടെത്തുമ്പോൾ, മറ്റൊന്നിനുമില്ലാത്ത ഒരു പേര് അതിനു നിർദ്ദേശിക്കുവാൻ ഉള്ള ഉത്തരവാദിത്തം അതിനെ കണ്ടെത്തുന്നയാൾക്കാണ്. 'സകല ജീവജന്തുക്കൾക്കും മനുഷ്യൻ ഇട്ടത് അവയ്ക്ക് പേരായി' എന്നാണല്ലോ വി. വേദപുസ്തകം (ഉല്പത്തി 2:19) പറയുന്നത്. ഒരു ശാസ്ത്രനാമം നൽകുന്നതിന് നിയതമായ നിയമങ്ങളുണ്ട്. ആദ്യം അതിന്റെ ജനുസ്സ്, പിന്നെ അതിന്റെ സ്പീഷീസ്, തുടർന്ന് അതു കണ്ടെത്തിയവരുടെ പേരുകളുടെ ചുരുക്കെഴുത്ത്, ഇതാണ് ഒരു പൂർണ്ണ ശാസ്ത്രനാമത്തിന്റെ ഘടന. ഈ പേര് ലാറ്റിൻ ഭാഷയിൽ ആയിരിക്കണം; പൊതുവെ ശാസ്ത്ര/സാങ്കേതിക പദങ്ങൾ എല്ലാംതന്നെ ലാറ്റിൻ/ഗ്രീക്ക് വൽക്കരിക്കപ്പെട്ടവയാണല്ലോ. ഇപ്രകാരം നാമകരണം ചെയ്യപ്പെട്ട സസ്യത്തിന്റെ വിശദ വിവരണം, തനതു പ്രത്യേകതകൾ, വ്യക്തമായ ചിത്രങ്ങൾ എന്നിവ സഹിതം ഒരു പ്രബന്ധമായി അന്താരാഷ്ട്ര അംഗീകാരമുള്ള ഒരു ശാസ്ത്ര ജേർണലിൽ പ്രസിദ്ധീകരിക്കപ്പെടുകയും വേണം. പുതുതായി കണ്ടെത്തുന്ന ജനുസ്സിന് അഥവാ സ്പീഷീസിന് അതു കണ്ടെത്തുന്നയാൾ സ്വന്തം നാമം നൽകുകയില്ല; പകരം, ആ ജീവിയുടെ ഏതെങ്കിലും പ്രത്യേകത, അല്ലെങ്കിൽ അത് കണ്ടെത്തിയ സ്ഥലം, അതുമല്ലെങ്കിൽ ഏതെങ്കിലും വ്യക്തിയെ ആദരിക്കുവാൻ അവരുടെ പേര് ആണ് നാമമായി നൽകുന്നത്. അപ്രകാരം കേരളത്തിൽ നിന്ന് കണ്ടെത്തി, 2026 മെയ് മാസം പ്രസിദ്ധീകരിച്ച കാശാവിന്റെ (കായാമ്പൂ) പുതിയ സ്പീഷീസിന് അത് കണ്ടെത്തിയവർ എന്റെ പേര് നൽകുകയായിരുന്നു. അവരുടെ പ്രത്യേക താല്പര്യപ്രകാരം, അവരുടെ മുതിർന്ന സഹപ്രവർത്തകനായ എന്റെ പേര് നല്കപ്പെട്ടപ്പോൾ ആ ചെടിക്ക് 'മെമിസിലോൺ (കാശാവിന്റെ ജനറിക് നാമം) മാത്യുഡാനി' എന്നുപേരായി. മലയാളികളായ അനേകം ആളുകളുടെ പേരുകൾ പുതിയ ചെടികൾക്ക് നല്കപ്പെട്ടിട്ടുണ്ട്. ഉദാഹരണമായി ഞാൻ കണ്ടെത്തി പ്രസിദ്ധീകരിച്ച മൂന്നു സ്പീഷീസുകൾക്ക് വ്യക്തികളുടെ പേരാണ്

സ്വന്തം പേരിലുള്ള ചെടിയോടൊപ്പം ഡോ. മാത്യു ഡാൻ

നൽകിയിട്ടുള്ളത്. അടുത്ത കാലത്തായി, പുതിയ കണ്ടെത്തലുകൾ പത്ര/സാമൂഹിക മാധ്യമങ്ങളിലൂടെ പ്രചരിക്കപ്പെടുന്നതു കൊണ്ടാണ് ഈ വിവരം എല്ലാവരും അറിഞ്ഞുതുടങ്ങിയത്. കായാമ്പൂവിന് ഇരുപതോളം സ്പീഷീസുകൾ കേരളത്തിലുണ്ട്. ചെങ്കൽ പ്രദേശങ്ങളിൽ അപൂർവമായി കണ്ടുവരുന്ന ഒരു ഇനമാണ് ഈ പുതിയ സസ്യം.

⇨ ***വി.വേദപുസ്തകത്തിൽ യേശുവിന്റെ പഠിപ്പിക്കലുകളിൽ സസ്യങ്ങളെ പറ്റി നിരവധി പരാമർശങ്ങൾ ഉണ്ട്, (അത്തി, മുന്തിരി, ഗോതമ്പ് തുടങ്ങിയ പോലെ) ഏതാണ് ഏറ്റവും സ്വാധിനിച്ചിട്ടുള്ളത്?***

യേശുക്രിസ്തു തന്റെ ഉപദേശങ്ങൾ സുവ്യക്തമാക്കുവാൻ, സസ്യങ്ങളെ ധാരാളമായി ദൃഷ്ടാന്തമാക്കിയിരുന്നു. തന്മൂലം തന്റെ ശ്രോതാക്കളിൽ ധാരാളമായുണ്ടായിരുന്ന ഗ്രാമീണർക്കും കൃഷീവലർക്കും തന്റെ പഠിപ്പിക്കലുകൾ ആകർഷകമായി. കൂടുതലായി കൃഷി ചെയ്യപ്പെടുകയും ദൈനംദിനം ഉപയോഗിക്കപ്പെടുകയും ചെയ്ത അത്തി, മുന്തിരി, ഗോതമ്പ് എന്നിവ വി. വേദപുസ്തകത്തിൽ കൂടുതൽ തവണ പരാമർശിക്കപ്പെട്ടിട്ടുണ്ട്. അതിനാൽ തന്നെ അവ ചെലുത്തുന്ന സ്വാധീനവും വലുതാണ്.

'അത്തിയെ നോക്കി ഒരു ഉപമ പഠിപ്പീൻ, അതിൽ ഇല തളിർക്കുമ്പോൾ വേനലടുത്തിരിക്കുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ' (മത്താ. 24:32), എന്ന പ്രസ്താവന കാലാവസ്ഥയ്ക്കു വൃക്ഷങ്ങളിൽ ഉള്ള സ്വാധീനം വെളിപ്പെടുത്തുന്നുണ്ട്. ഈജിപ്തുകാർക്ക് ലഭിച്ച ജീവവൃക്ഷമായാണ് അന്നത്തെ സമൂഹം അത്തിയെ കണ്ടിരുന്നത്. തഴച്ചു വളർന്നു നിന്നിരുന്ന ഒരു അത്തിയിൽ ഫലം കാണാതിരുന്നതുകൊണ്ട് അതിനെ ശപിച്ചു ഉണക്കിക്കളഞ്ഞ യേശുവിന്റെ പ്രവൃത്തി ശിഷ്യന്മാർക്ക് പോലും ഉൾക്കൊള്ളനായില്ല. എന്നാൽ, പുറമെയുള്ള തഴപ്പുകളെക്കാൾ ഉപരിയായി, ആവശ്യമായ സമയത്തു തക്കതായ ഫലം പുറപ്പെടുവിക്കുക എന്നതാണ് പ്രധാന ദൗത്യം എന്ന വലിയ വേദശാസ്ത്രം പഠിപ്പിക്കുന്ന പാഠമായിരുന്നു ആ സംഭവം. അത്തി നാല്പത് തവണയോളം വി. വേദപുസ്തകത്തിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്.

മുന്തിരി വി. വേദപുസ്തകത്തിൽ ഏറ്റവും കൂടുതലായി, എഴുപത്തിയഞ്ച് തവണയോളം പരാമർശിക്കപ്പെട്ടിട്ടുണ്ട്. മുന്തിരിത്തോട്ട നിർമ്മാണം, പരിപാലനം, വിളവെടുപ്പ്, മുന്തിരിപ്പഴം, വിഭവങ്ങൾ അങ്ങനെ വൈവിദ്ധ്യമാർന്ന വിഷയങ്ങൾ കാണാം. 'ഞാൻ സാക്ഷാൽ മുന്തിരി വള്ളിയും നിങ്ങൾ അതിന്റെ ശാഖകളും ആകുന്നു' (യോഹ. 15:12) എന്ന പ്രസ്താവന അതിസുന്ദര ദൃഷ്ടാന്തമാണ്. മനുഷ്യനും ഈശ്വരനും തമ്മിലുള്ള ബന്ധം ഇത്രയും ഭാവനാസമ്പൂർണ്ണമായി വേറെ എവിടെയാണ് കാണാൻ കഴിയുന്നത്? അധികം ഫലം കായ്ക്കേണ്ടതിനു കൊമ്പുകളെ ചെത്തി വെടിപ്പാക്കണം(pruning) എന്നതും വളരെ ആഴമേറിയ ചിന്ത തന്നെ.

ഗോതമ്പ് ആക്കാലത്തെ ഏറ്റവും പ്രചാരമുള്ള ധാന്യമായിരുന്നതിനാൽ മുപ്പതോളം തവണ പരാമർശിച്ചിരിക്കുന്നു. 'ഗോതമ്പുമണി നിലത്തു വീണു ചാകുന്നു എങ്കിൽ അത് വളരെ ഫലം പുറപ്പെടുവിക്കും' (യോഹ. 12:24) എന്ന ആശയം എത്ര മഹത്തായ ചിന്തയാണ്. നാം സ്വയം വ്യയം ചെയ്യുന്നില്ലയെങ്കിൽ ജീവിതം വ്യർത്ഥമാണ് എന്ന ചിന്ത എപ്പോഴും സ്വാധീനം ചെലുത്തേണ്ടതാണ്. ഗോതമ്പ് ഇതര വിളകളോടൊപ്പം വളർത്തുന്ന ഒരു സംയോജിത കൃഷിരീതിയുടെ സുന്ദര വിവരണവും വേദപുസ്തകം കാണിച്ചു തരുന്നുണ്ട് (യെശ. 28:25).

വി. വേദപുസ്തകത്തിലെ സസ്യപരാമർശങ്ങൾ സൂക്ഷ്മമായി വിലയിരുത്തുമ്പോൾ പലതും ആഴമേറിയ ചിന്തകൾ കൊണ്ടു സ്വാധീനം ചെലുത്തുവാൻ പര്യാപ്തമാണ്.

⇨ ***പ്രകൃതിയും ആത്മീയതയും ആരാധനയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഈ പ്രസ്താവനയോട് അങ്ങയുടെ സമീപനം എന്താണ്?***

പഞ്ചഭൂത സിദ്ധാന്തം പുരാതനകാലം മുതലേ ഭാരതത്തിൽ നിലനിന്നിരുന്നു. പ്രകൃതിയും അതിലുള്ള സകലതും ഭൂമി, ആകാശം, അഗ്നി, വായു, ജലം എന്നീ പഞ്ചാഭൂതങ്ങളാൽ നിർമ്മിതമാണെന്നാണ് അത് നൽകുന്ന ആശയം. പ്രകൃതിയിലെ വിവിധ ഘടകങ്ങളെല്ലാം തന്നെ, പുരാതന സംസ്കൃതികൾ നിലനിന്നിരുന്ന ഗ്രീസ്, റോം, ഈജിപ്ത്, മെസേപൊട്ടമിയ, ഭാരതം എന്നിവിടങ്ങളിലൊക്കെ ദേവന്മാരോ, ദേവതകളായോ ആയി ആരാധിക്കപ്പെട്ടിരുന്നു. അത്തരം ദേവന്മാരെപ്പറ്റി വേദപുസ്തകത്തിലും കാണാം. എന്നാൽ, വേദപുസ്തകം ശക്തമായി ആഹ്വാനം ചെയ്യുന്നത്, 'ഭൂമിയും അതിന്റെ പൂർണ്ണതയും അതിലെ നിവാസികളും യഹോവയ്ക്ക് ഉള്ളതാകുന്നു' (സങ്കീ : 24:1) എന്നാണ്. സൃഷ്ടിയുടെ ആരംഭം സൂചിപ്പിക്കുന്ന പ്രാരംഭ വാക്യം തന്നെ 'ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു' (ഉല്പത്തി 1:1) എന്നാണല്ലോ. പ്രകൃതി ആകമാനവും അതിലെ വിവിധ ശക്തികളും ദൈവസൃഷ്ടിയാണെന്നും അവയെല്ലാം ദൈവത്താൽ പരിപാലിക്കപ്പെടുന്നവയും നിയന്ത്രിക്കപ്പെടുന്നവയും ആണെന്ന് സങ്കീർത്തനങ്ങളുടെ വിവിധ ഭാഗങ്ങളിൽ കാണുവാൻ കഴിയും. അതിനാൽ ഇവയെല്ലാം യഹോവയെ സ്തുതിക്കേണ്ടതാണെന്ന് സങ്കീർത്തനം 148ൽ ദാവീദ് രാജാവ് കാവ്യാത്മകമായി വിവരിക്കുന്നുണ്ട്. യഹോവ ഏറ്റവും വലിയവൻ എന്നു സൂചിപ്പിക്കുവാൻ 'അവൻ കാറ്റുകളെ തന്റെ ദൂതന്മാരും അഗ്നിജ്വാലയെ തന്റെ ശുശ്രൂഷകന്മാരും ആക്കുന്നു' (സങ്കീ. 104:4) എന്നും ദാവീദു പാടുന്നു.

പ്രകൃതിയെയും അതിലെ ഓരോ ഘടകങ്ങളെയും പഠിക്കുകയും, മനസ്സിലാക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നത് ആത്മീയതയാണ്, കാരണം ദൈവസൃഷ്ടിയുടെ മഹത്വം കൂടുതൽ അറിയുവാനുള്ള യത്നമാണത്. പ്രകൃതിയിലെ വിവിധ ഘടകങ്ങളെ, ആത്മീയതിയിൽ ഊന്നിക്കൊണ്ട് നമ്മുടെ ആരാധനയിൽ ബന്ധപ്പെടുത്തുവാൻ പിതാക്കന്മാർ ശ്രദ്ധിച്ചിട്ടുണ്ട്.

യൽദോ പെരുന്നാളിലെ തീജ്വാലയുടെ ശുശ്രൂഷ, ദാനഹയിലെ വെള്ളം വാഴ്വിന്റെ ശുശ്രൂഷ, ഹോശെന്ന പെരുന്നാളിലെ കുരുത്തോല വാഴ്വ് ഇതൊക്കെ ചില ഉദാഹരണങ്ങൾ ആണ്. ജലാശയങ്ങളെയും വൃക്ഷലതാദികളെയും ഭൂതലത്തെ ആകമാനവും നമ്മുടെ വിവിധ പ്രാർത്ഥനകളിൽ സ്മരിക്കുന്നു. 'കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവായ സത്യ ദൈവത്തെ' ആരാധിക്കുമ്പോൾ പ്രകൃതിയും ആത്മീയതയും പരസ്പരം ബന്ധപ്പെടുന്നു.

Diya Ann Jerin

Juvana Mariam John

Aiden Prince

സൂചനകൾ

തിരശ്ചീനം (Across)

1. യേശു ജനിച്ച സ്ഥലം
4. ചെങ്കടൽ വിഭജിച്ച പ്രവാചകൻ
6. ആദാമിന്റെ ഭാര്യ
8. സങ്കീർത്തനങ്ങൾ എഴുതിയ രാജാവ്
10. പെട്ടകം പണിത പ്രവാചകൻ

ലംബം (Down)

1. അനേകം ലേഖനങ്ങൾ എഴുതിയ ശിഷ്യൻ
2. ദൈവത്താൽ സൃഷ്ടിക്കപ്പെട്ട ആദ്യ മനുഷ്യൻ
3. ഇസഹാക്കിന്റെ പിതാവ്
5. ജ്ഞാനിയായ രാജാവ്, യെരുശലേമിലെ ആലയം പണിതു
7. അഗ്നിരഥത്തിൽ സ്വർഗത്തിലേക്ക് എടുത്ത പ്രവാചകൻ
9. വലിയ മീൻ വിഴുങ്ങിയ പ്രവാചകൻ

ശരിയുത്തരങ്ങൾ ജൂലൈ 15ന് മുമ്പ് മെയിൽ അയയ്ക്കുക. ശരിയുത്തരങ്ങൾ അയയ്ക്കുന്നവരുടെ പേര് അടുത്ത ലക്കത്തിൽ പ്രസിദ്ധീകരിക്കും.
bhadradeepamonline@gmail.com

Do not leave your heart unguarded so long as you are in the body... A man who is walking along a path at night cannot afford to fall asleep."

— **The Desert Fathers**

സെന്റ് തോമസ് ഗ്രാമീണ ആരോഗ്യ പരിപാലന മിഷൻ പുനരാരംഭിച്ചു. മലയിൻകീഴ് സെന്റ് ഗ്രീഗോറിയോസ് മിഷൻ കേന്ദ്രത്തിൽ നടന്ന മെഡിക്കൽ ക്യാമ്പിലെ ദൃശ്യങ്ങൾ.

ആലമ്പാറ സെന്റ് ഗ്രിഗോറിയോസ് മിഷൻ കേന്ദ്രത്തിലെ സെന്റ് തോമസ് ഗ്രാമീണ ആരോഗ്യ പരിപാലന മിഷൻ പുനരാരംഭിച്ചു

ബൈബിൾ ക്വിസ്

1. ഇന്ത്യയിൽ സഭ സ്ഥാപിച്ചത് ഏത് അപ്പോസ്തലൻ ആണെന്നാണ് വിശ്വാസം ?
2. മാർത്തോമ്മാ ശ്ലീഹാ കേരളത്തിൽ എത്തിയ വർഷം ഏതാണ് ?
3. മലങ്കര ഓർത്തഡോക്സ് സഭയുടെ ആസ്ഥാനം എവിടെയാണ് സ്ഥിതി ചെയ്യുന്നത്?
4. മലങ്കര സഭയുടെ ഭരണപരമായ പരമോന്നത സമിതി ഏതാണ് ?
5. ഏഴ് കൂദാശകളിൽ കൂദാശകളുടെ മകുടം എന്ന് അറിയപ്പെടുന്നത് ഏതാണ് ?
6. ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ (മലങ്കര സഭ ഉൾപ്പെടെ) അംഗീകരിക്കുന്ന ആദ്യത്തെ മൂന്നു സാർവ്വത്രിക സുന്നഹദോസുകൾ ഏവ ?
7. മലങ്കര ഓർത്തഡോക്സ് സഭയുടെ തലവന്റെ ഔദ്യോഗിക പദവി ഏതാണ് ?
8. മലങ്കരസഭയുടെ നിലവിലുള്ള പരമാധ്യക്ഷൻ ആരാണ്?

ശരിയുത്തരങ്ങൾ ജൂലൈ 15ന് മുമ്പ് മെയിൽ അയയ്ക്കുക. ശരിയുത്തരങ്ങൾ അയയ്ക്കുന്നവരുടെ പേര് അടുത്ത ലക്കത്തിൽ പ്രസിദ്ധീകരിക്കും.

bhadradeepamonline@gmail.com

ലേഖനങ്ങൾ, ഇടവക വാർത്തകൾ, യാത്രാവിവരണം, പാചക കുറിപ്പുകൾ, പഠന കുറിപ്പുകൾ, കവിത, ചെറുകഥ, വരച്ച ചിത്രങ്ങൾ തുടങ്ങിയവ bhadradeepamonline@gmail.com എന്ന ഇമെയിൽ വിലാസത്തിൽ അയച്ചു തരിക.

"God became man so that man might become god." — **St. Athanasius the Great**

"He who has seen his own sin is greater than he who has seen angels." — **St. Isaac the Syrian**

Selfie Corner



അപേക്ഷ ക്ഷണിച്ചു

ഓർത്തഡോക്സ് വൈദിക സെമിനാരിയുടെ ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക് ആരംഭിക്കുന്ന ആരാധനാ സംഗീതം, എക്കാറാ സംഗീതം, ദേവാലയ ശബ്ദസംഗീത ക്രമീകരണത്തിന്റെ സംവിധാനം എന്നീ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ 26ന് മുമ്പായി അയയ്ക്കണം. വിവരങ്ങൾക്ക് : 91 9656085384

srutimusic.org.

mailto : srutimusics@gmail.com

ലോകപരിസ്ഥിതിദിനം തിരുവനന്തപുരം ഭദ്രാസനത്തിലെ വിവിധ ദേവാലയങ്ങളിൽ വൃക്ഷത്തൈ നട്ട് ആഘോഷിച്ചു. പരിസ്ഥിതി ദിനാഘോഷം – ചിത്രങ്ങളിലൂടെ.....

തിരുവനന്തപുരം ഭദ്രാസനം ആയൂർ മണ്ഡലം ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ ജൂൺ മാസത്തിന്റെ പ്രവർത്തന പദ്ധതി Green Grace Day യുടെ ഭാഗമായി ആയൂർ മണ്ഡലത്തിൽ 3 ഇടങ്ങളിലായി മാലിന്യ ശേഖരണ കണ്ടെയ്നറുകൾ പൊതുജനത്തിന് ഉപയോഗിക്കുവാൻ വേണ്ടി സ്ഥാപിച്ചു. ഇടമുളയ്ക്കൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ലിജു ആലുവിള ഉൽഘാടനം നിർവഹിച്ചു.

Bismi
HYPER MALL
BISMI
HYPER MALL
Fresh & Healthy
Kollam,Anchal road Ayoor
@bismihypermall
8078280698

രുചിയിടം

കർക്കിടക കഞ്ഞി (ഔഷധക്കഞ്ഞി)

ആവശ്യമായ സാധനങ്ങൾ

നവര അരി അല്ലെങ്കിൽ ഉണക്കലരി	: 1കപ്പ്
ഉലുവ	: 1 ടീസ്പൂൺ
ജീരകം	: 1 ടീസ്പൂൺ
കുരുമുളക്	: 1 ടീസ്പൂൺ
വെളുത്തുള്ളി	: 8-10 അല്ലി (ചതച്ചത്)
ചുക്ക്	: 1 ചെറിയ കഷണം (പൊടിച്ചത്)
മഞ്ഞൾപ്പൊടി	: 1/4 ടീസ്പൂൺ
തേങ്ങാപ്പാൽ	: 1 കപ്പ് (ഒന്നാം പാലോ രണ്ടാം പാലോ)
ഉപ്പ് ആവശ്യത്തിന്	
വെള്ളം	: 5-6 കപ്പ്

ഐച്ഛികമായി ചേർക്കാവുന്നവ

ദശപുഷ്പപ്പൊടി	: 1-2 ടീസ്പൂൺ
കർക്കിടക കഞ്ഞിക്കൂട്ട് (ഔഷധപ്പൊടി)	: 2 ടീസ്പൂൺ

തയ്യാറാക്കുന്ന വിധം

അരി നന്നായി കഴുകി 15-20 മിനിറ്റ് കുതിർക്കുക. ഒരു പാത്രത്തിൽ അരി, വെള്ളം, ഉലുവ എന്നിവ ചേർത്ത് നന്നായി വേവിക്കുക. ജീരകം, കുരുമുളക്, ചുക്ക് എന്നിവ ചതച്ച് ചേർക്കുക. വെളുത്തുള്ളിയും മഞ്ഞൾപ്പൊടിയും ചേർത്ത് വീണ്ടും 10-15 മിനിറ്റ് ചെറുതീയിൽ തിളപ്പിക്കുക.

കഞ്ഞി നന്നായി കുറുകിയാൽ കർക്കിടക കഞ്ഞിക്കൂട്ട് അല്ലെങ്കിൽ ദശപുഷ്പപ്പൊടി (ഉപയോഗിക്കുന്നുണ്ടെങ്കിൽ) ചേർത്ത് 2-3 മിനിറ്റ് കൂടി വേവിക്കുക. അവസാനം തേങ്ങാപ്പാലും ഉപ്പും ചേർത്ത് ഒരു തിള വരുമ്പോൾ തീ ഓഫ് ചെയ്യുക. തേങ്ങാപ്പാൽ ചേർത്തതിന് ശേഷം അധികനേരം തിളപ്പിക്കേണ്ടതില്ല.

കഴിക്കുന്ന വിധം

രാവിലെ ചൂടോടെ കഴിക്കുന്നതാണ് പതിവ്. കൂടെ പയറു തോരൻ, ചെറുപയർ, പപ്പടം, അല്ലെങ്കിൽ അച്ചാർ എന്നിവ വിളമ്പാം.

കുറിപ്പ്: *പ്രമേഹം, വൃക്കരോഗം, ഗർഭകാലം, അല്ലെങ്കിൽ പ്രത്യേക ആരോഗ്യപ്രശ്നങ്ങൾ ഉള്ളവർ ഔഷധക്കൂട്ടുകൾ ഉപയോഗിക്കുന്നതിന് മുമ്പ് ഡോക്ടറുടെയോ ആയുർവേദ വിദഗ്ധരുടെയോ നിർദേശം തേടുന്നത് നല്ലതാണ്.*

പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി മലങ്കര ഓർത്തഡോക്സ് സഭ തിരുവനന്തപുരം ഭദ്രാസന സൺഡേസ്കൂൾ വൈസ് പ്രസിഡന്റ് ഫാ. സാം ജോർജ് വൃക്ഷത്തൈ നടന്നു. ഭദ്രാസന സെക്രട്ടറി ഫാ. ഡോ. ഗീവർഗീസ് കണിയാന്ത്ര, ഫാ. വർഗീസ് ടി. വർഗീസ് എന്നിവർ സമീപം

തിരുവനന്തപും മണ്ഡലത്തിലെ ബാലസമാജാംഗങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച നേച്ചർ ക്യാമ്പ് കുളത്തൂപ്പുഴ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി സന്ദർശിച്ചപ്പോൾ വികാരി ഫാ. മാത്യു നൈനാൻ വൃക്ഷത്തൈ നല്കുന്നു. ഫാ. കോശി അലക്സാണ്ടർ ആഷ്ബി സമീപം.

Published by Fr. Dr. Geevarghese Kanianthra, Diocesan Secretary on behalf of Diocese of Thiruvananthapuram, Malankara Orthodox Syrian Church.
Chief Editor - Fr. Shino K. Thomas, Sub Editor - Joby T Lal, Design & Layout - Shaji Padippurackal, Kripa Designs, Thiruvananthapuram.